ഭരണഭാഷ-മാതൃഭാഷ

*അടിയന്തിരം*

ജെ4 - 25801/2017

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 25/7/2017

പ്രേഷിതൻ

പഞ്ചായത്ത് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും

സർ,

വിഷയം: പഞ്ചായത്ത് വകുപ്പ്- മലയാള മനോരമ -കർഷകശ്രീ പുരസ്ക്കാരത്തിന് യോഗ്യതയുള്ള കർഷകനെ കണ്ടെത്തി നൽകുന്നതിന് ഗ്രാമ പഞ്ചായത്തിന് നിർദ്ദേശം നൽകുന്നത്- സംബന്ധിച്ച്-

സൂചന: 1)മലയാള മനോരമ ചീഫ് എഡിറ്റർ ശ്രീ. ജേക്കബ്ബ് മാത്യൂവിന്റെ 27/6/2017 ലെ അപേക്ഷ.
2)ബഹു: തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ നിർദ്ദേശം.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരളത്തിലെ മികച്ച കർഷകന് മലയാള മനോരമ നൽകുന്ന "കർഷകശ്രീ" പുരസ്ക്കാരത്തിന്റെ ഇത്തവണത്തെ പുരസ്ക്കാര ജേതാവിനെ കണ്ടെത്തുന്നതിനായി മികവും തികഞ്ഞ യോഗ്യതയുള്ള കർഷകരെ കണ്ടെത്തി സ്പോൺസറിംഗ് ഏജൻസികൾ വഴി അപേക്ഷ സമർപ്പിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിനും, സെക്രട്ടറിക്കും അറിയിപ്പ് നൽകണമെന്ന് അറിയിക്കുന്നു. ഗ്രാമ പഞ്ചായത്തുകൾ സ്പോൺസറിംഗ് ഏജൻസിയിൽ ഉൾപ്പെടുന്നുണ്ട്. പുരസ്ക്കാര വിവരം സംബന്ധിച്ച അറിയിപ്പും അപേക്ഷയുടെ പകർപ്പും ഉള്ളടക്കം ചെയ്യുന്നു. അപേക്ഷ സമർപ്പിക്കേണ്ട അവസാനതീയതി *01/08/2017* ആകുന്നു.

വിശ്വസ്തതയോടെ,

പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി



**മലയാള മനോരമ**

# കർഷകശ്രീ അവാർഡ് 2018

**3,00,001 രൂപയും**

**സ്വർണപ്പതക്കവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്**

## അവാർഡിന് അപേക്ഷിക്കാം

കേരളത്തിലെ മികച്ച കർഷക പ്രതിഭയെ തേടിയിതാ കർഷകശ്രീ അവാർഡ് 2018. മണ്ണിൽ പൊന്നു വിളയിക്കുന്ന കർഷകരെ തങ്കപ്പതക്കമണിയിക്കാനുള്ള മലയാള മനോരമയുടെ സംരംഭം. മൗലികനേട്ടത്തിന്റെ തിളക്കമുള്ള കർഷകർക്ക് അപേക്ഷിക്കാം. പതിനാലാമത്തെ കർഷകശ്രീ അവാർഡിനാണ് ഇപ്പോൾ അപേക്ഷ ക്ഷണിക്കുന്നത്.

കേരളത്തിൽ കൃഷി ചെയ്യുന്ന മുഴുവൻസമയ കർഷകരെയാണ് ഇത്തവണയും പരിഗണിക്കുന്നത്. കഴിഞ്ഞ രണ്ടു വർഷങ്ങളിലെ നേട്ടങ്ങൾക്കു മുൻഗണന. കഴിഞ്ഞകാല കാർഷിക പ്രവർത്തനങ്ങളും പ്രധാനം. നാമനിർദേശ ഏജൻസികൾ മുഖേന ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്കും കൃഷിയിട സന്ദർശനത്തിനും ശേഷം മലയാള മനോരമ നിയോഗിക്കുന്ന ജഡ്ജിങ് കമ്മിറ്റിയുടെ പരിഗണനയ്ക്കു വിടും.

## നാമനിർദേശ ഏജൻസികൾ

- സംസ്ഥാന കൃഷിവകുപ്പ് (കൃഷിഭവനുകൾ, മറ്റു പ്രാദേശികതല ഓഫിസുകൾ)
- സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് (വെറ്ററിനറി ക്ലിനിക്കുകൾ, മറ്റു പ്രാദേശികതല ഓഫിസുകൾ)
- ക്ഷീരവികസന വകുപ്പ്
- ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് (ഐസിഎആർ) സ്ഥാപനങ്ങൾ
- കേരള കാർഷിക സർവകലാശാല
- കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാല
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച്
- കേന്ദ്ര കിഴങ്ങുവിള ഗവേഷണകേന്ദ്രം
- കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം
- കൃഷിവിജ്ഞാനകേന്ദ്രങ്ങൾ
- കോക്കനട്ട് ഡവലപ്മെന്റ് ബോർഡ്
- റബർ ബോർഡ്
- സ്പൈസസ് ബോർഡ്
- ഫാം ഇൻഫർമേഷൻ ബ്യൂറോ
- ഡയറക്ടറേറ്റ് ഓഫ് അരക്കനട്ട്, സ്പൈസസ് ആൻഡ് കൊക്കോ ഡവലപ്മെന്റ്
- വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (VFPCK)
- സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ
- കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ പ്രോഡക്ട്സ് ഡവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ്
- കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റി
- കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ്
- കേരഫെഡ്
- കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്ക്, ശാഖകൾ
- കേരള അഗ്രികൾച്ചർ ആൻഡ് റൂറൽ ഡവലപ്മെന്റ് ബാങ്ക്
- ആകാശവാണി, ദൂരദർശൻ കേന്ദ്രങ്ങൾ
- മിൽമ
- ഗ്രാമപഞ്ചായത്തുകൾ
- സന്നദ്ധ സേവന ഏജൻസികൾ
- മലയാള മനോരമ യൂണിറ്റുകൾ, ജില്ലാ ന്യൂസ് ബ്യൂറോകൾ

## നിബന്ധനകൾ

- നാമനിർദേശം ചെയ്യപ്പെടുന്ന കർഷകൻ / കർഷക വനിത അഞ്ചു വർഷമോ അതിലധികമോ കൃഷിയിൽ നേരിട്ട് ഏർപ്പെട്ടിരിക്കുന്ന വ്യക്തിയാവണം.
- മുൻപ് അപേക്ഷിച്ചവർക്കും മത്സരിക്കാം.
- നാമനിർദേശപത്രികയോടൊപ്പം കർഷകന്റെ കൃഷിയിടം, കൃഷിരീതി, അനുബന്ധ കാർഷിക സംരംഭങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരണങ്ങൾ ആവശ്യമാണ്. ബഹുവിള, ബഹുനില, ബഹുതല കൃഷിക്കായിരിക്കും മുൻഗണന.
- കർഷകന്റെ നേട്ടങ്ങളും പ്രായോഗിക കണ്ടുപിടിത്തങ്ങളും സംബന്ധിച്ച ആധികാരിക രേഖകൾ കൂടി നൽകണം. ഇവ പത്രറിപ്പോർട്ടുകൾ, ഫോട്ടോകൾ തുടങ്ങിയവ ആവാം. നേട്ടങ്ങളും കൃഷിമുറകളും സഹകർഷകർക്ക് പകർത്താൻ പറ്റിയതായിരിക്കണം. ഉൽപാദനക്ഷമതയിലെ റെക്കോർഡുകളുടെ അടിസ്ഥാനത്തിൽ മാത്രമായി കർഷകരുടെ നേട്ടത്തെ ചുരുക്കരുത്. സംയോജിതവും സമഗ്രവുമായ കൃഷിമുറകളുടെ കരുത്തിൽ സൃഷ്ടിക്കപ്പെടുന്ന നേട്ടങ്ങൾക്കാണ് മുൻഗണന. കൃഷിയോടൊപ്പം കാർഷികോൽപന്നങ്ങളിൽ മൂല്യവർധന വരുത്തി വാണിജ്യ സംരംഭങ്ങളിൽ ഏർപ്പെടുന്നതും നേട്ടമായി കണക്കാക്കാം. പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകുന്ന കൃഷി പരീക്ഷണങ്ങളും ഉൾപ്പെടുത്താം. വിശദീകരണക്കുറിപ്പ് എത്രയും പൂർണമാക്കാൻ ശ്രദ്ധിക്കുക. കാർഷികോൽപന്നങ്ങളുടെ വിപണനത്തിൽ തനതു മാർഗങ്ങൾ കണ്ടെത്തുന്നതും പരിഗണിക്കും
- അപേക്ഷയോടൊപ്പം കൃഷിക്കാരന്റെ നേട്ടങ്ങളുടെ വിവരങ്ങൾ, പത്രരേഖകൾ, സർട്ടിഫിക്കറ്റുകൾ, ചിത്രങ്ങൾ തുടങ്ങിയവ കൂടി നൽകുന്നതു കൊള്ളാം.
- അപേക്ഷാഫോമുകൾ നാമനിർദേശ ഏജൻസികളിൽ ലഭ്യമാണ്. ഇതോടൊപ്പം ചേർത്തിരിക്കുന്ന അപേക്ഷാഫോമും ഉപയോഗിക്കാം.
- കർഷകശ്രീ അവാർഡ്, മലയാള മനോരമ, പി.ബി. നമ്പർ 26, കോട്ടയം -686001 എന്ന വിലാസത്തിലാണ് അപേക്ഷ അയയ്ക്കേണ്ടത്. മലയാള മനോരമയുടെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കൊച്ചി, തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം യൂണിറ്റുകളിലും അപേക്ഷ സ്വീകരിക്കുന്നതാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 2017 ഓഗസ്റ്റ് ഒന്ന്.

**അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 2017 ഓഗസ്റ്റ് ഒന്ന്**



മലയാള മനോരമ

# കർഷകശ്രീ അവാർഡ് 2018

## നാമനിർദേശം ചെയ്യുന്ന ഏജൻസി / സ്ഥാപനം

ഏജൻസി / സ്ഥാപനത്തിൻെറ പേര് ....................

മേൽവിലാസം ....................

.................... പിൻകോഡ് ....................

ടെലിഫോൺ: ഓഫിസ് .................... മൊബൈൽ ....................

ഇ-മെയിൽ ....................

അപേക്ഷകനുമായുള്ള പരിചയദൈർഘ്യം ....................

## അപേക്ഷകനെക്കുറിച്ചുള്ള വിവരങ്ങൾ

പേര് .................... വയസ്സ് ....................

മേൽവിലാസം ....................

.................... പിൻകോഡ് ....................

ഫോൺ .................... മൊബൈൽ ....................

ജില്ല ....................

പഞ്ചായത്ത് ....................

വാർഡ് നമ്പർ ....................

അവാർഡിനു സമർപ്പിക്കുന്ന നേട്ടങ്ങൾ ....................

....................

....................

എത്രകാലമായി കൃഷിചെയ്യുന്നു ....................

മുഴുവൻ സമയ കർഷകനാണോ (✓ചെയ്യുക) അതെ ☐ അല്ല ☐

മറ്റു ജോലി ഉണ്ടോ (✓ചെയ്യുക) ഉണ്ട് ☐ ഇല്ല ☐

ഉണ്ടെങ്കിൽ വിശദവിവരം ....................

നേട്ടങ്ങളുടെ വിശദവിവരം പ്രത്യേക കടലാസിൽ എഴുതിച്ചേർക്കുക. നേട്ടം തെളിയിക്കുന്ന ചിത്രങ്ങൾ, സാക്ഷ്യപത്രങ്ങൾ, കുറിപ്പുകൾ എന്നിവയുണ്ടെങ്കിൽ അതും അയയ്ക്കണം. കഴിഞ്ഞ രണ്ടു വർഷങ്ങളിലെ നേട്ടങ്ങൾക്കാണ് പ്രാമുഖ്യം. വിശദീകരണക്കുറിപ്പുകളും അനുബന്ധ തെളിവുകളും സഹിതം നാമനിർദേശ ഏജൻസി സാക്ഷ്യപ്പെടുത്തിയ അപേക്ഷ 2017 ഓഗസ്റ്റ് ഒന്നിനു മുമ്പ് താഴെക്കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ എത്തിക്കുക

**കർഷകശ്രീ അവാർഡ്, മലയാള മനോരമ, പി.ബി. നമ്പർ 26, കോട്ടയം-686 001**

നാമനിർദേശം ചെയ്യുന്ന വ്യക്തിയുടെ ഒപ്പ് ....................

തീയതി .................... മേൽവിലാസം ....................

സ്ഥലം .................... ....................

....................